**പതിമൂന്നാം കേരള നിയമ സഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5219** **05.07.2012 ൽ മറുപടിയ്ക്ക്**

**ആർ.ടി ഓഫീസുകളിൽ ബയോമെട്രിക് സംവിധാനം**

ചോദ്യം
ശ്രീമതി.കെ.എസ്.സലീഖ

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആർ.ടി.ഓഫീസുകൾ ഇപ്പോൾ ഇടനിലക്കാരുടെ താവളമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. എന്നാൽ ചില ഓഫീസുകളിൽ ഇടനിലക്കാർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) | ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിന് വേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ് തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ അടിക്കടി പരിശോധന നടത്തുകയും ചട്ടങ്ങളും നിർദ്ദേശങ്ങളും ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ ജീവനക്കാർക്ക് ബയോമെട്രിക് ഹാജർ സംവിധാനവും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ ആയത് എന്നു മുതൽ നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) യും | ആദ്യ ഘട്ടമെന്ന നിലയിൽ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും, മേഖലാ കാര്യാലയങ്ങളിലും |

| | | | |
|---|---|---|---|
| (ഇ) | ആദ്യപടിയായി എത്ര ആർ.ടി. ഓഫീസുകളിൽ ആയത് നടപ്പിൽ വരുത്തും; വിശദമാക്കാമോ; | (ഇ) യും | 01.07.2012 മുതൽ നടപ്പിലാക്കുന്നതാണ്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ടി സംവിധാനം ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. |
| (എഫ്) | ബയോമെട്രിക് സംവിധാനത്തിന്റെ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ആയതിലേയ്ക്കായി ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്ര; വ്യക്തമാക്കാമോ; | (എഫ്) | കെൽട്രോണിനാണ് ചുമതല നൽകിയിട്ടുള്ളത്. എല്ലാ ഓഫീസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് 88,89,721 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ജി) | ഇത്തരത്തിലുള്ള ഹാജർ സംവിധാനം വഴിയും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് വഴിയും ഇടനിലക്കാരെ ഒഴിവാക്കുവാനും അഴിമതി തുടച്ചു നീക്കുവാനും സാധിക്കുമോ? | (ജി) | ഒരു പരിധി വരെ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് |

സെക്ഷൻ ഓഫീസർ